# പരിപത്രം

**വിഷയം** : കേപ്പ് കോളേജുകൾ - കൊറോണ വൈറസ് - കോളേജുകൾക്ക് അവധി നൽകുന്നത് സംബന്ധിച്ച്.

**സൂചന** : കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിലെ സർക്കാർ നിർദേശങ്ങൾ.

കേരളത്തിലെ എല്ലാ ജില്ലകളിലും കൊറോണ വൈറസ് (കോവിഡ് - 19) ഭീതി, നേരിടുന്ന സാഹചര്യത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ 31-03-2020 വരെ അടച്ചിടുവാൻ സർക്കാർ നിർദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ നിർദേശങ്ങൾ പാലിച്ച് കേപ്പിന്റെ കീഴിലുള്ള എല്ലാ കോളേജുകളും 31-03-2020 വരെ അടച്ചിടുവാൻ ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. ഈ അവധി വിദ്യാർത്ഥികൾക്ക് മാത്രമേ ബാധകമാകുകയുള്ളു.

സർവകലാശാല പരീക്ഷ മാറ്റിവയ്ക്കുവാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ ശേഷിക്കുന്ന പാഠഭാഗങ്ങളുടെ കോഴ്സ് നോട്ടുകൾ തയാറാക്കി വിദ്യാർത്ഥികൾക്ക് എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്ഥാപന മേധാവികൾ ഉറപ്പാക്കേണ്ടതാണ്.

പ്രസ്തുത വിഷയത്തിൽ സർക്കാർ നിഷ്കർഷിക്കുന്ന മറ്റ് മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുവാൻ സ്ഥാപന മേധാവികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

11-03-2020

ഒപ്പ്

**ഡോ. ആർ. ശശികുമാർ**
ഡയറക്ടർ, കേപ്പ്